## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 316 — 30.01.2014-ൽ മറുപടിക്ക്

### ഡീസൽ വിലവർദ്ധനവുമൂലം കെ.എസ്.ആർ.ടി.സി.യ്ക്കുണ്ടായ പ്രതിസന്ധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. റ്റി. എ. റഹീം :<br>ശ്രീമതി. കെ.എസ്. സലീഖ :<br>ശ്രീ. സി. കെ. സദാശിവൻ :<br>പ്രൊഫ. സി. രവീന്ദ്രനാഥ് : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഡീസൽ വിലയിലുണ്ടായിക്കൊണ്ടിരിക്കുന്ന അമിത വർദ്ധനവു മൂലം കെ.എസ്.ആർ.ടി.സി.-യിൽ നിലനിൽക്കുന്ന പ്രതിസന്ധി അതിജീവിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു ; | (എ) | കെ.എസ്.ആർ.ടി.സി.യെ വൻകിട ഉപഭോക്താവ് എന്ന വിഭാഗത്തിൽപ്പെടുത്തി ഡീസൽ സബ്സിഡി നിർത്തലാക്കിയ സാഹചര്യത്തിൽ സബ്സിഡി നിരക്കിൽ തന്നെ ഡീസൽ ലഭിക്കുന്നതിനായി സ്വകാര്യ / സിവിൽ സപ്ലൈസ് പമ്പുകളിൽ നിന്നും ഡീസൽ നിറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ഇന്ധന ക്ഷമത കുറവുള്ള 12-നും 15-നും ഇടയിൽ കാലപ്പഴക്കമുള്ള ബസുകൾ മാറ്റി പുതിയ ബസുകൾ നിരത്തിലിറക്കുന്നതിനായി 1500 പുതിയ ഷാസികൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>ഇന്ധനവില വർദ്ധനവ് മൂലമുള്ള സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും കരകയറ്റുന്നതിനു രണ്ടുമാസത്തെ അധിക ബാദ്ധ്യതയായ 28 കോടി രൂപ സബ്സിഡിയായി കോർപ്പറേഷന് അനുവദിക്കുകയുണ്ടായി. കൂടാതെ സ്പെഷ്യൽ പാക്കേജ് ഇനത്തിൽ 50 കോടി രൂപയും 2013 മാർച്ച് മാസത്തിൽ 25 കോടി രൂപയും കെ.എസ്.ആർ.ടി.സി.യ്ക്ക് അനുവദിക്കുകയുണ്ടായി.<br>ഇതു കൂടാതെ ഡീസൽ വിലവർദ്ധനവുമൂലം കെ.എസ്.ആർ.ടി.സി അഭിമുഖീകരിക്കുന്ന പ്രതിസന്ധി നേരിടുന്നതിനായി ഇടക്കാലാശ്വാസമായി 2013 നവംബർ മാസത്തിൽ 10 കോടി രൂപയും അനുവദിക്കുകയുണ്ടായി. |

| | | | |
|---|---|---|---|
| (ബി) | ഈ നടപടികൾ മൂലം കെ.എസ്. ആർ.ടി.സി.-യുടെ സർവ്വീസുകൾ സുഗമമാക്കുന്നതിന് സാധിച്ചതായി സർക്കാർ കരുതുന്നുണ്ടോ ; | (ബി) | ഉണ്ട്. |
| (സി) | പ്രതിസന്ധിയിലായ കെ.എസ്.ആർ. ടി.സി-യെ സംരക്ഷിക്കുന്നതിനായി കേന്ദ്ര സഹായം അഭ്യർത്ഥിച്ചു സർക്കാർ കത്തു നല്കുകയുണ്ടാ യോ ; എങ്കിൽ ഇക്കാര്യത്തിൽ കേന്ദ്രത്തിന്റെ നിലപാടെന്തായിരു ന്നു ; വ്യക്തമാക്കുമോ ; | (സി) | വൻകിട ഉപഭോക്താവ് എന്ന നിലയിൽ കെ.എസ്.ആർ.ടി.സി പോലുള്ള പൊതു മേഖലാ സ്ഥാപനങ്ങൾക്ക് ഏർപ്പെടുത്തിയ ഡീസൽ വിലവർദ്ധനവിൽ നിന്നും കോർപ്പ റേഷനെ ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് ബഹു. പ്രധാന മന്ത്രിയ്ക്കും ബഹു. പെട്രോളിയം - പ്രകൃതിവാതകം മന്ത്രിയ്ക്കും കത്തയച്ചിരുന്നു. ഇക്കാര്യ ത്തിൽ കേന്ദ്ര സർക്കാരിന്റെ അന്തിമ തീരുമാനം അറിയിച്ചിട്ടില്ല. |
| (ഡി) | ഇപ്പോഴത്തെ പ്രതിസന്ധി പരിഹരി ക്കാൻ ഈ സർക്കാർ എന്തെല്ലാം സാമ്പത്തിക സഹായമാണ് കെ. എസ്.ആർ.ടി.സി.-ക്ക് നൽകിയത് ; | (ഡി) | (എ) പിരിവിലെ ഉത്തരത്തിൽ പറഞ്ഞിരിക്കുന്ന പ്രകാരം നടപടികൾ സ്വീകരിച്ചതു മൂലം ഡീസലിന്റെ കാര്യ ത്തിൽ ഇപ്പോൾ പ്രതിസന്ധിയില്ല. എന്നാൽ ഇപ്പോഴത്തെ പ്രതിമാസ വരവും ചെലവും തമ്മിലുള്ള അന്തരം 93 കോടി രൂപയാണ്. ഇതു പരിഹരിക്കുവാൻ സർക്കാരിൽ നിന്നും ഈ സാമ്പത്തിക വർഷം 325 കോടി രൂപയും കെ.ടി.ഡി.എഫ്.സി.യിൽ നിന്നും 360 കോടി രൂപയും പ്രവർത്തന മൂലധന വായ്പയായി ഇതുവരെ ലഭ്യമാക്കി യിട്ടുണ്ട്. |
| (ഇ) | സർക്കാർ കൂടുതൽ ധനസഹായം നൽകി കെ.എസ്.ആർ.ടി.സി. -യുടെ പ്രതിസന്ധി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ; | (ഇ) | ഉചിതവും സാധ്യവുമായ സാമ്പത്തിക സഹായം സംസ്ഥാന സർക്കാർ കെ.എസ്.ആർ.ടി.സി.യ്ക്ക് നൽകിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം ആകെ 325 കോടി രൂപ സാമ്പത്തിക സഹായമായി സർക്കാർ കെ.എസ്.ആർ.ടി.സി.യ്ക്ക് അനു വദിച്ചിട്ടുണ്ട്. കൂടാതെ, കെ.ടി.ഡി.എഫ്.സി. യിൽ നിന്നും 360 കോടി രൂപ പ്രവർത്തന മൂലധന വായ്പയായും നൽകി. |

| | | | |
|---|---|---|---|
| (എഫ്) | കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ വെട്ടിക്കുറയ്ക്കുന്നത് മൂലം ഉണ്ടാകുന്ന പൊതുഗതാഗത പ്രശ്നം പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ ? | (എഫ്) | ഡീസൽ പ്രതിസന്ധി മൂലം സർവ്വീസുകൾ വെട്ടിക്കുറച്ചിട്ടില്ല. ദീർഘദൂര യാത്രക്കാർക്കായി 10 വോൾവോ മൾട്ടി ആക്സിൽ ബസുകൾക്ക് പർച്ചേയ്സ് ഓർഡർ നൽകി. കാര്യക്ഷമമായ സർവീസ് ഓപ്പറേഷൻ പ്രദാനം ചെയ്യുന്നതിന് കെ.എസ്.ആർ.ടി.സി ബസുകളുടെ കാലപ്പഴക്കം കുറയ്ക്കുന്നതിന് 1500 പുതിയ ഷാസികളുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ